# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4651 13/11/2019 – ൽ മറുപടിക്ക്

## ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) യും<br>(ബി) യും<br>(സി) യും | കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയോജിതമായി നടത്തുന്ന പദ്ധതിയാണ് ഇ.എസ്.ഐ പദ്ധതി. പത്തോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലി ചെയ്യുന്ന ഫാക്ടറികൾ, കച്ചവട സ്ഥാപനങ്ങൾ, ഹോട്ടൽ, റസ്റ്റോറന്റ്, സിനിമ തിയേറ്ററുകൾ, മോട്ടോർ ട്രാൻസ്പോർട്ട് സ്ഥാപനങ്ങൾ, പത്രമാധ്യമ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ പ്രതിമാസം 21,000/- രൂപ വരെ (ഓവർടൈം അലവൻസ് വേതനം ഒഴികെ) വേതനം കൈപ്പറ്റുന്ന ജീവനക്കാർക്ക് ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുന്നതാണ്. തൊഴിലാളികളുടെയും അവരുടെ ആശ്രിതരായ കുടുംബാംഗങ്ങളുടെയും ആരോഗ്യപരമായ സുരക്ഷ ഉറപ്പുവരുത്തുക, തൊഴിൽ ചെയ്ത് പണം സമ്പാദിക്കുന്നതിന് കഴിയാതെ വരുന്ന സാഹചര്യങ്ങളിൽ തൊഴിലാളിക്ക് സംരക്ഷണം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച ഒരു സമഗ്ര സാമൂഹ്യ സുരക്ഷാ പദ്ധതിയാണ് ഇ.എസ്.ഐ പദ്ധതി. തൊഴിൽ സ്ഥലത്തുണ്ടാകുന്ന അപകടങ്ങൾ, തൊഴിൽജന്യരോഗങ്ങൾ എന്നിവ മൂലം ശാരീരിക വൈകല്യമുണ്ടാകുന്നവരുടെയും മരണപ്പെടുന്നവരുടെയും ആശ്രിതർക്ക് സാമ്പത്തിക സഹായം ഉറപ്പുവരുത്തുന്നതിനും ഈ പദ്ധതിയിലൂടെ കഴിയുന്നു.<br>സംസ്ഥാനത്ത് 9 ഇ.എസ്.ഐ ആശുപത്രികൾ, |
| (ബി) | ഇത് സംസ്ഥാന സർക്കാരിന്റെ മാത്രം സ്കീമാണോ അതോ കേന്ദ്രാവിഷ്കൃത പദ്ധതിയാണോ എന്ന് വ്യക്തമാക്കാമോ; | | |
| (സി) | ജനങ്ങൾക്ക് പ്രസ്തുത സർവ്വീസ് കൊണ്ടുള്ള ആനുകൂല്യങ്ങളും ഗുണങ്ങളും എന്താണെന്നും അവ ലഭ്യമാകാൻ അവർ ചെയ്യേണ്ട കാര്യങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ? | | |

145 ഇ.എസ്.ഐ ഡിസ്പെൻസറികൾ, പുലയനാർകോട്ട ഗവൺമെന്റ് ചെസ്റ്റ് ഡിസീസ് സാനിട്ടോറിയത്തിൽ പ്രവർത്തിക്കുന്ന പ്രത്യേക യൂണിറ്റ് എന്നിവ വഴിയാണ് ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ഇവ കൂടാതെ ഇ.എസ്.ഐ കോർപ്പറേഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മൂന്ന് ആശുപത്രികൾ മുഖേനയും ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഇ.എസ്.ഐ ഗുണഭോക്താക്കൾക്കായി അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി എന്നീ വിഭാഗങ്ങളിലുള്ള ചികിത്സാസൗകര്യങ്ങൾ ലഭ്യമാണ്. എല്ലാ ഇ.എസ്.ഐ ഗുണഭോക്താക്കളുടെയും സമഗ്രമായ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുക എന്നതാണ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ ലക്ഷ്യം.

ഒരു സ്ഥാപനത്തെ ഇ.എസ്.ഐ പദ്ധതിയിൽ ഉൾപ്പെടുത്തണമെങ്കിൽ ടി സ്ഥാപനത്തിൽ തൊഴിലാളികളും തൊഴിലുടമയും ഉണ്ടായിരിക്കേണ്ടതുണ്ട്. ഇ.എസ്.ഐ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷയും, കൂടാതെ പണമായും വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാണ്. അവയിൽ പ്രധാനമായിട്ടുള്ള ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- രോഗാനുകൂല്യം (Sickness benefit)
- വർധിപ്പിച്ച രോഗാനുകൂല്യം (Enhanced Sickness Benefit)
- ദീർഘിപ്പിച്ച രോഗാനുകൂല്യം (Extended Sickness Benefit)
- അവശത ആനുകൂല്യം (Temporary Disablement & Permanent Disablement Benefit)
- ആശ്രിത ആനുകൂല്യം (Dependents benefit)
- പ്രസവ ആനുകൂല്യം (Maternity Benefit)
- ചികിത്സ ആനുകൂല്യം (Medical Benefit – Primary, Secondary & Tertiary Care)
- പ്രസവ സംബന്ധമായ ചെലവുകൾ (Confinement Expenses)

| | | | |
|---|---|---|---|
| | | | • മൃതശരീര സംസ്കാര ചെലവുകൾ (Funeral Expenses)<br>• തൊഴിലില്ലായ്മ വേതനം (RGSKY & ABVKY)<br>• തൊഴിൽ പുനരധിവാസ ആനുകൂല്യം (Skill up-gradation allowance)<br>• ശാരീരിക പുനരധിവാസ ആനുകൂല്യം (Rehabilitation allowance)<br>• മെഡിക്കൽ കോളേജിൽ അഡ്മിഷനുള്ള സംവരണം (MBBS & BDS seat)<br>ഇ.എസ്.ഐ പദ്ധതിയിൽ അംഗമായ തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും ഇ.എസ്.ഐ ഡിസ്പെൻസറി/ ഇ.എസ്.ഐ ആശുപത്രി മുഖേനയാണ് ചികിത്സാനുകൂല്യങ്ങൾ ലഭിക്കുന്നത്. വിദഗ്ധ ചികിത്സ ആവശ്യമായ സാഹചര്യത്തിൽ ഡിസ്പെൻസറി മുഖാന്തരം tie-up ആശുപത്രിയിലേക്ക് റഫർ ചെയ്യുന്നതായിരിക്കും. പണമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഇ.എസ്.ഐ. ബ്രാഞ്ച് ഓഫീസ് മുഖേനയാണ് ലഭിക്കുക. അത്തരം ആനുകൂല്യങ്ങൾ ഐ.പി യുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതായിരിക്കും. |

**സെക്ഷൻ ഓഫീസർ**